**201**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2017.

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി ഈ സമയം പ്രയോജനപ്പെടുത്തണം.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. താഴെ തന്നിരിക്കുന്നവയിൽ കാളിദാസന്റെ 'ഋതുസംഹാര'ത്തിന് യോജിക്കാത്ത വിശേഷണമേത് ? 1
   - അഗാധമായ പ്രകൃതിസ്നേഹം
   - സൂക്ഷ്മമായ നിരീക്ഷണശക്തി
   - ലളിതമായ ഭാഷ
   - ആഴത്തിലുള്ള ജീവിതനിരീക്ഷണം

2. തൻ മടിത്തട്ടിൽത്താങ്ങിക്കിടത്തീ <u>**വാത്സല്യാർദ്രം**</u> 1

   തൻ മകനുടെയാറിത്തണുത്ത തിരുഗാത്രം!

   – അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം **തെരഞ്ഞെടുത്തെഴുതുക.**
   - വാത്സല്യവും ആർദ്രതയും
   - വാത്സല്യത്തിന്റെ ആർദ്രത
   - വാത്സല്യത്താൽ ആർദ്രം
   - ആർദ്രമായ വാത്സല്യം

3. 'ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ 1

   ഈ വിധം വികലമാം സുഖോദയം'

   – വളരെക്കാലത്തിനുശേഷം കണ്ടുമുട്ടുന്ന സ്നേഹബദ്ധരുടെ സുഖോദയം വികലമായി തീരുമെന്നു പറയാൻ കാരണമെന്ത് ?
   - അതുവരെ അനുഭവിച്ച ഏകാന്തതകൊണ്ട്
   - വികാരവൈവശ്യം കാരണമുള്ള വീർപ്പുമുട്ടൽകൊണ്ട്
   - ദീർഘനാളത്തെ കഷ്ടപ്പാടും ദുഃഖവുംകൊണ്ട്
   - മറ്റേയാൾക്ക് തന്നെ ഓർമ്മയുണ്ടാവുമോ എന്ന സംശയംകൊണ്ട്

Score

4. 'നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത് ?' എന്ന ചോദ്യത്തിന്റെ ആശയവുമായി ഏറ്റവും അടുത്തു നിൽക്കുന്ന വാക്യം എടുത്തെഴുതുക. 1

- നീ എന്റെ കഥാപാത്രങ്ങളുടെ സൃഷ്ടിരഹസ്യം കണ്ടെത്തിയിരിക്കുന്നു
- നീ എന്റെ എല്ലാ ജീവിതരഹസ്യങ്ങളും മനസിലാക്കിയിരിക്കുന്നു
- നീ എന്റെ ഹൃദയത്തിലെ മുറിവുകളുടെ ആഴം അറിഞ്ഞിരിക്കുന്നു
- നീ എന്റെ ജീവിതവീക്ഷണം തിരിച്ചറിഞ്ഞിരിക്കുന്നു

5. 'വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം...' 2

– ലക്ഷ്മണനെ ഈ വിധം സംബോധന ചെയ്യുന്നതിലെ ഔചിത്യം വിശദീകരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

6. 'വികാരം ഭാഷയെ അപ്രസക്തമാക്കുന്നു' എന്നു ചൂണ്ടിക്കാട്ടാവുന്ന ഒരു സന്ദർഭം 'കടൽത്തീരത്ത്' എന്ന കഥയിൽനിന്ന് കണ്ടെത്തി വിവരിക്കുക. 2

7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും** 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം) 5x4=20

7.
- 'മിസിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചുകൊണ്ട് മന്ദഹസിച്ചു കൈകൾ നീട്ടി. ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാളോർത്തു.'
- "ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനോ കരയാനോകൂടി അവർക്കു കഴിയുമെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല."
- 'മാഡം തലത്ത് മരിച്ചു പോയി മോനേ. ഡോക്ടർ തലത്തിനൊടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്ത് കുഞ്ഞിക്കുട്ടിയമ്മ'.

– മുകളിൽ കൊടുത്തിരിക്കുന്ന വരികൾ വിശകലനം ചെയ്ത്, കാലവും അനുഭവങ്ങളും മിസിസ് തലത്തിലുണ്ടാക്കിയ മാറ്റത്തെ സുധീറിന്റെ കാഴ്ചപ്പാടിലൂടെ കഥാകാരി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്ന് വിശദമാക്കുക.

8. 'മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞു പറിഞ്ഞ്...'

'ഉരുളക്കിഴങ്ങു തിന്നുന്നവർ' എന്ന കഥയിലെ ദുരന്തത്തിന്റെ തീവ്രത വ്യക്തമാക്കാൻ ഈ വരികൾക്ക് എത്രത്തോളം കഴിയുന്നുണ്ട് ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

9. 'നളനു വേറെ കർമ്മം, നമുക്കു കർമ്മം വേറെ'
   - നളനും തനിക്കും വേറെ വേറെയാണ് കർമ്മങ്ങൾ എന്നതുകൊണ്ട് പുഷ്കരൻ അർത്ഥമാക്കുന്നതെന്തൊക്കെയാവാം ? പുഷ്കരന്റെ മനോനില മനസ്സിലാക്കാൻ എത്രത്തോളം സഹായകരമാണ് അയാളുടെ വാക്കുകൾ ? - വിശദീകരിക്കുക.

10. 'ഇന്നലെ വെറും ജഡശിലയായിരുന്നതിൽ
    നിന്നു നീ കരുണതൻ ഭാവഗാനത്തെ തൊട്ടു-
    തൊട്ടുണർത്തവേ, നിന്നോടൊത്തുണർന്നു ഞാൻ, നിന്നോ-
    ടൊത്തുറങ്ങി ഞാൻ, നിന്നോടൊത്തനശ്വരനായ് ഞാൻ' (മൈക്കലാഞ്ജലോ മാപ്പ്)
    - കലാസൃഷ്ടികളുടെ മഹത്വത്തെയും അവയുടെ നിർമ്മാണരഹസ്യത്തെയും അവ ആസ്വാദകരിൽ ചെലുത്തുന്ന സ്വാധീനത്തെയുംപറ്റി ഈ വരികളിൽനിന്നു ലഭ്യമാകുന്ന സൂചനകൾ വിവരിക്കുക.

11. 'ഒരാളെ അടുത്തറിഞ്ഞാൽ അതുവരെ അയാളോടുണ്ടായിരുന്ന വെറുപ്പ് സ്നേഹമായി പരിണമിക്കുന്നതു കാണാം.' ദുര്യോധനന്റെ സ്വഭാവത്തിലെ ആദരണീയമായ അംശങ്ങളായി കുട്ടികൃഷ്ണമാരാര് എടുത്തുകാണിക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഈ പ്രസ്താവനയെ വിലയിരുത്തുക.

12. 'എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചു കാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്ന് ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു' (ഞാൻ കഥാകാരനായ കഥ)
    'പച്ചമണ്ണിന്റെ മനുഷ്യത്വമാണ്, എഴുത്തുകാരുടെ സർഗശക്തിയെ കടിഞ്ഞാണില്ലാതെ പായിക്കുന്നത്' എന്ന ആശയത്തെ സാധൂകരിക്കുന്നതാണോ എസ് കെ. പൊറ്റെക്കാട്ടിന്റെ അനുഭവവിവരണം? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും രണ്ടെണ്ണത്തിനുമാത്രം** ഉത്തരമെഴുതുക (ഓരോന്നിനും 6 സ്കോർ വീതം) **2x6=12**

13. • 'അമ്മ നിത്യവും മകനെ പ്രതീക്ഷിക്കുന്നു'
    • 'ഭാരതഭൂമി മരിച്ച എന്നെയും, എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും പ്രതീക്ഷിക്കുന്നുണ്ട്.'
    – വൈക്കം മുഹമ്മദ് ബഷീറിന്റെ 'അമ്മ' എന്ന രചന പെറ്റമ്മയുടെയും രാഷ്ട്രത്തിന്റെയും പ്രതീക്ഷകളെ ചേർത്തുവച്ചുകൊണ്ട് അവതരിപ്പിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

14. • "ജീവിതമെനിക്കൊരു ചുളയായിരുന്നപ്പോൾ
ഭ്രവിനാ വെളിച്ചത്താൽ വെണ്മ ഞാനുളവാക്കി" (ജി ശങ്കരക്കുറുപ്പ്)

• 'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്'
(ആത്മാവിന്റെ വെളിപാടുകൾ)

– മേൽ കൊടുത്തിരിക്കുന്ന വരികളിലെ ജീവിതവീക്ഷണങ്ങളുമായി ചേർന്നു പോകുന്നതാണോ ശരൺ കുമാർ ലിംബാളെയുടെ ബാല്യകാലാനുഭവങ്ങൾ ? നിങ്ങളുടെ നിരീക്ഷണങ്ങളുംകൂടി ചേർത്ത് വിശദീകരിക്കുക.

15. താഴെ കൊടുത്തിട്ടുള്ള കവിതയുടെ ആശയം വിശദീകരിച്ചുകൊണ്ട് ഒരു ആസ്വാദനം തയാറാക്കുക.

<u>പുസ്തകങ്ങൾ</u>

സുഖത്തിൽ സുഖമായി,
ദുഃഖത്തിലാശ്വാസമായ്
ഇരുട്ടിൽ വെളിച്ചമായ്,
ആശയായ് നിരാശയിൽ,
അറിവായ് പതറുന്ന
ബുദ്ധിയിൽ; തെളിച്ചമായ്
നിഴൽ മൂടുമോർമ്മയിൽ
കരുത്തായ് തളർച്ചയിൽ,
യൗവനത്തിലെ പ്രിയ
തോഴരായ്; വാർദ്ധക്യത്തിൻ
ദിവ്യമാം താങ്ങായ്; സുസ്ഥി-
രങ്ങളായ് വിശ്വസ്തരായ്
പുസ്തകങ്ങളേ, നിങ്ങൾ
രാജിപ്പൂ, മനുഷ്യന്റെ-
യത്ഭുതസ്നേഹാദര
വിശ്വാസം നിങ്ങൾക്കല്ലോ.
നിങ്ങളെ സ്നേഹിപ്പതേ
നിങ്ങളെപ്പൊലിപ്പതേ
നിങ്ങളെ നീളും കയ്യിൽ
പകരുന്നതേ പുണ്യം.

(സുഗതകുമാരി)